I.ഇ.ബി.XIകേരള നിയമസഭ/IV22

# പതിനൊന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2002 ജൂലായ് 17, ബുധൻ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനത്തെ പൊതുമേഖലാസ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കാനും അടച്ചുപൂട്ടാനുമുള്ള സർക്കാർ നീക്കം

ശ്രീ. എം. വി. ജയരാജൻ: വ്യവസായവകുപ്പുമന്ത്രി ഏപ്രിൽ മാസത്തിൽ നടത്തിയ ഒരു പ്രസ്താവന സംസ്ഥാനത്തെ പൊതുമേഖലാസ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതിന് മുന്നോടിയായിട്ടുള്ളതാണ്. ശ്രീ. ആർ. സി. ചൗധരി ചെയർമാനായുള്ള പൊതുമേഖലാ പരിഷ്കരണ സമിതി തയ്യാറാക്കിയ റിപ്പോർട്ട് വേണ്ടത്ര പഠനം നടത്താതെയും ട്രേഡ് യൂണിയൻ പ്രതിനിധികളുമായോ മറ്റു ബന്ധപ്പെട്ടവരുമായോ ചർച്ച നടത്താതെയുമാണ് ഗവൺമെന്റ് അംഗീകരിച്ചത്. ആ റിപ്പോർട്ടിൽ പറയുന്ന വ്യവസ്ഥകൾ നടപ്പിലാക്കിയാൽ സംസ്ഥാനത്തെ 113 പൊതുമേഖലാസ്ഥാപന ങ്ങളേയും അവയിൽ പണിയെടുക്കുന്ന രണ്ട് ലക്ഷത്തോളം തൊഴിലാളികളേയും പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ആ റിപ്പോർട്ട് നടപ്പിലാക്കുന്നതിൽനിന്ന് സർക്കാർ പിൻതിരിയണം. സർക്കാരിന്റെ സാമ്പത്തികസഹായം അവസാനിപ്പിക്കണമെന്നും സ്വകാര്യനിക്ഷേപത്തോടെ പൊതുമേഖലാസ്ഥാപനങ്ങൾ

പുനഃസംഘടിപ്പിക്കണമെന്നുമുള്ള നിർദ്ദേശങ്ങൾ പാലിച്ചാൽ 2003 മാർച്ച് ആകുമ്പോൾ 28 പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടേണ്ടിവരും. നിയമന നിരോധനവും തസ്തിക വെട്ടിച്ചുരുക്കലുംമൂലം തൊഴിലാളികളാകെ വഴിയാധാരമാകും നഷ്ടത്തിൽ പ്രവർത്തിക്കുന്നവ മാത്രമല്ല ലാഭകരമായിട്ടുള്ളവപോലും അടച്ചുപൂട്ടാനുള്ള നീക്കങ്ങളിലൂടെ സമ്പൂർണ്ണ സ്വകാര്യവൽക്കരണമാണ് ഗവൺമെന്റിന്റെ ലക്ഷ്യം. എ.ഡി.ബി.യുടെ നിർദ്ദേശത്തിനനുസരിച്ച് പൊതുമേഖലയെ പൂർണ്ണമായി തകർത്തുകൊണ്ട് സ്വകാര്യവൽക്കരണം കൊണ്ടുവരുന്നത് സംസ്ഥാനത്തിനു ഗുണകരമല്ല. ട്രേഡ് യൂണിയൻ പ്രതിനിധികളുമായി ചർച്ചകൾ നടത്തി പൊതുമേഖലയെ നവീകരിക്കുന്നതിനുപകരം അവയെ പൂർണ്ണമായി തകർക്കുന്ന ഇന്നത്തെ നിലപാട് ഗുരുതരമായ പ്രത്യാഘാതമുണ്ടാക്കും. കേരളത്തിൽ സ്വകാര്യമേഖലയിൽ വ്യവസായങ്ങൾ വരുന്നതിനോട് എതിർപ്പില്ല. അതോടൊപ്പം പൊതുമേഖലാസ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം. ഈ ഗവൺമെന്റ് സ്വീകരിച്ച അനുകൂലമല്ലാത്ത നിലപാടിന്റെ ഫലമായി പല പൊതുമേഖലാസ്ഥാപനങ്ങളുടേയും ലാഭനിരക്കിൽ ഇപ്പോൾ കുറവുണ്ടായിരിക്കുന്നതിനാൽ പൊതുമേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): പൊതുമേഖലാസ്ഥാപനങ്ങൾക്കെതിരായിട്ടുള്ള നിലപാട് ഗവൺമെന്റ് എടുത്തു എന്നു പറഞ്ഞത് ശരിയല്ല. വി.ആർ.എസ്. പുതിയൊരു സമീപനമാണെങ്കിലും അതിനു തുടക്കം കുറിച്ചത് ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്താണ്. സംസ്ഥാനത്തിന്റെ വികസനപ്രവർ ത്തനങ്ങൾക്കുപയോഗിക്കേണ്ട പണം ഏതാനും തൊഴിലാളികളെ സംരക്ഷിക്കുന്നതിനായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങൾക്ക് നൽകുന്നതിൽ യാതൊരു ന്യായീകരണവുമില്ല. അവ സ്വന്തം കാലിൽ നിൽക്കാനുള്ള സംവിധാനമുണ്ടാക്കണം. ട്രേഡ് യൂണിയൻ പ്രതിനിധികളുമായി ചർച്ചകൾ നടത്തി പൊതുമേഖലാസ്ഥാപനങ്ങൾ റീ – സ്ട്രക്ച്ചർ ചെയ്യാനാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. ഒരു സ്ഥാപനവും സ്വകാര്യവൽക്കരിക്കാനോ വിൽക്കാനോ ഗവൺമെന്റ് തീരുമാനിച്ചിട്ടില്ല. വ്യവസായമേഖലയിൽ സ്വകാര്യപങ്കാളിത്തം കൊണ്ടുവരുന്നതിനെ പ്രതിപക്ഷം എതിർക്കുന്നില്ലെന്നുള്ളത് സന്തോഷകരമായ കാര്യമാണ്. ഡിസ്ഇൻവെസ്റ്റ്മെന്റ് നയത്തോട് ഗവൺമെന്റിന് യോജിപ്പില്ല കേന്ദ്രഗവണ്മെന്റിന്റെ ഡിസ്ഇൻവെസ്റ്റ്മെന്റ് നയത്തിൽനിന്നും വ്യത്യസ്തമായ സമീപനമാണ് സംസ്ഥാന ഗവണ്മെന്റിനുള്ളത്. തൊഴിലാളികൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ കഴിയണമെങ്കിൽ ക്ലോഷർ എന്ന് പ്രഖ്യാപിക്കേണ്ടതായിട്ടുണ്ട്. അതുതന്നേയും അപ്രോച്ച് പേപ്പറിൽ മാത്രമേ കാണുകയുള്ളൂ. ഇ.ആർ.സി–യുടെ ശുപാർശ പ്ലാനിംഗ് ബോർഡ് പരിശോധിച്ചശേഷമാണ് ക്യാബിനറ്റ് അംഗീകരിക്കുന്നത്. അതാണ് ഗവണ്മെന്റ് തീരുമാനമായി വരുന്നത്.

## (2) പാർപ്പിട പദ്ധതികൾ

<u>പ്രൊഫ. സാവിത്രി ലക്ഷ്മണൻ:</u> പാവപ്പെട്ടവർക്കുവേണ്ടിയുള്ള പാർപ്പിട പദ്ധതികൾക്ക് മാറിമാറി വരുന്ന ഗവണ്മെന്റുകൾ ആകർഷകമായ പേരുകൾ നൽകാറുണ്ട്. മുൻകാലത്ത് കൈരളി, മൈത്രി തുടങ്ങിയ ഭവനനിർമ്മാണ പദ്ധതികളായിരുന്നുവെങ്കിൽ ഇപ്പോഴത് സ്വാഭിമാൻ പദ്ധതിയായി മാറിയിട്ടുണ്ട്. ഇത് മുൻ പദ്ധതികളുടെ തുടർച്ചയായതിനാൽ മുൻ കാലത്ത് ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ സ്വന്തം കുടിലുകൾ പൊളിച്ചു നീക്കിയാണ് ബേസ്മെന്റും സ്ട്രക്ച്ചറുമൊക്കെ ഭാഗികമായി പൂർത്തീകരിച്ചിട്ടുള്ളത്. തുടർന്നുള്ള ഗഡുക്കൾ ലഭിക്കാത്തതുമൂലം പാവപ്പെട്ടവരായ ഗുണഭോക്താക്കൾ തീരാ ദുരിതമനുഭവിക്കുകയാണ്. 12500 രൂപ അടച്ചാൽ തിരിച്ചടവില്ലാത്ത 28000 രൂപയുടേയും 19500 രൂപ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ കൊടുത്താൽ തിരിച്ചടവില്ലാത്ത 35000 രൂപയുടെയും വിവിധയിനം പദ്ധതികൾ ഉപയോഗപ്പെടുത്തിയ പട്ടികജാതി പട്ടികവർഗവിഭാഗത്തിൽപ്പെട്ടവർ ഉൾപ്പെടെയുള്ളവർക്കാണ് ഈ തീരാദുരിതമുണ്ടായിരിക്കുന്നത്. തൃശൂർ ജില്ലയിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ മുഖേന ഇത്തരം പദ്ധതികൾ പ്രയോജനപ്പെടുത്തി ദുരിതമനുഭവിക്കുന്ന പാവപ്പെട്ട ജനങ്ങളെ സഹായിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണം. തൃശ്ശൂർ ജില്ലയിലെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ഒന്നാം ഗഡു കിട്ടാത്ത 2895 പേരുണ്ട്. ചാലക്കുടി മുനിസിപ്പാലിറ്റി പാവങ്ങൾക്ക് വീടുകൾ നിർമ്മിക്കുന്നതിന് 45 ലക്ഷം രൂപയുടെ സ്വന്തം ഫണ്ട് വിതരണം ചെയ്യാൻ തീരുമാനിച്ചെങ്കിലും ട്രഷറി ബാൻ അതിന് തടസ്സമായി നിൽക്കുകയാണ്. വിവിധ ജില്ലകളിൽ തുടങ്ങിവച്ച പാർപ്പിട പദ്ധതികൾ പൂർത്തിയാക്കാൻ കഴിയാത്തതിന്റെ ഫലമായി പാവപ്പെട്ട ജനവിഭാഗങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി <u>(ശ്രീ. ചെർക്കളം അബ്ദുള്ള):</u> വിവിധ ജില്ലാ പഞ്ചായത്തുകൾ വികേന്ദ്രീകൃതാസൂത്രണ പരിപാടിയുമായി ബന്ധപ്പെടുത്തി വ്യത്യസ്ത പേരുകളിൽ 1999–2000 സാമ്പത്തിക വർഷം മുതൽ ഭവനനിർമ്മാണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ''തണൽ പദ്ധതി''യുടെ ഒന്നാം ഘട്ടത്തിൽ ഏറ്റെടുത്ത 30,000 വീടുകളിൽ 29,872 വീടുകളുടെ നിർമ്മാണം പൂർത്തിയായി. കൊല്ലം ജില്ലാ പഞ്ചായത്ത് ആവിഷ്ക്കരിച്ച ജനകീയ പാർപ്പിട പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 23,185 വീടുകളുടെ നിർമ്മാണം പൂർത്തിയായി. രണ്ടാംഘട്ട പദ്ധതി നടപ്പിലാക്കുന്നതിന് ഇനിഷ്യൽ ഡെപ്പോസിറ്റായി ഹഡ്ക്കോയ്ക്ക് നൽകാനുള്ള 15 കോടി രൂപയുടെ ട്രഷറി ക്ളിയറൻസ് ലഭിച്ചിട്ടില്ല. ആലപ്പുഴ ജില്ലയിൽ ''അഭയം ഭവനനിർമ്മാണ പദ്ധതി''ക്ക് ഹഡ്ക്കോ വായ്പ ഇതുവരെ ലഭിച്ചിട്ടില്ല. ഇടുക്കി ജില്ലയിൽ ആവിഷ്ക്കരിച്ച സമ്പൂർണ്ണ പാർപ്പിട പദ്ധതിയിൽ മാറ്റം വരുത്തി പഞ്ചായത്തുകളുടെ വിഹിതവും ഗുണഭോക്തൃ വിഹിതവും മാത്രമുള്ള ഒരു പദ്ധതിയാക്കി പുതുക്കി നിശ്ചയിച്ചിരിക്കുകയാണ്. എറണാകുളം ജില്ലയിലെ ഭവനനിർമ്മാണ പദ്ധതി ഹഡ്കോയുടെ എതിർപ്പുമൂലം നടപ്പിലാക്കാൻ കഴിയാതിരിക്കുന്നത് സർക്കാർ പരിശോധിച്ചുവരികയാണ്. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ഭവനരഹിതർക്കായി സ്വാഭിമാൻ പാർപ്പിട പദ്ധതിയും തൃശ്ശൂർ ജില്ലാ സമ്പൂർണ്ണ പാർപ്പിട പദ്ധതിയും ആവിഷ്ക്കരിച്ചിരുന്നു. സ്വാഭിമാൻ പാർപ്പിട പദ്ധതിപ്രകാരം ഏറ്റെടുത്ത 1000 വീടുകളിൽ 985 ഗുണഭോക്താക്കൾ ഒന്നാം ഗഡു കൈപ്പറ്റുകയും 931 പേർ വീടുപണി പൂർത്തീകരിക്കുകയും ചെയ്തു. തൃശ്ശൂർ ജില്ലാ സമ്പൂർണ്ണ പാർപ്പിട പദ്ധതിക്ക് ഹഡ്കോ വായ്പ ലഭ്യമാക്കുന്നതിന് സർക്കാർ ഗ്യാരന്റി കൊടുക്കണമെന്നുള്ള

ആവശ്യം പരിശോധിച്ചു വരുകയാണ്. ജില്ലാ പഞ്ചായത്തുകൾ മുൻധാരണ ഇല്ലാതെ പാർപ്പിടപദ്ധതികൾ ആവിഷ്ക്കരിച്ചതുകൊണ്ടാണ് പ്രശ്നങ്ങൾ ഉണ്ടായിട്ടുള്ളത്. ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ പറ്റുമോ എന്നുള്ള കാര്യം ഗൗരവമായി ആലോചിക്കാം.

## സബ്മിഷൻ

(1) മെഡിക്കൽ-എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാഫലം

ശ്രീ.കോടിയേരി ബാലകൃഷ്ണൻ: ഹൈക്കോടതി നിർദ്ദേശിച്ച പ്രകാരമുള്ള മെഡിക്കൽ-എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയുടെ കെമിസ്ട്രി, ബയോളജി പേപ്പറുകളുടെ പുനർമൂല്യ നിർണ്ണയം നടത്താൻ വൈകുന്നത് വിദ്യാർത്ഥികളെ ആശങ്കാകുലരാക്കിയിരിക്കുകയാണ്. ഈ സ്ഥിതി കേരളത്തിന് അപമാനകരമാണ്. ഈ സ്ഥിതിവിശേഷം ഉണ്ടാകാനുള്ള കാരണത്തെക്കുറിച്ച് ഗവൺമെന്റ് അന്വേഷണം നടത്തുകയും എത്രയും വേഗം പുനർമൂല്യനിർണ്ണയം നടത്തി റിസൾട്ട് പ്രസിദ്ധീകരിക്കുകയും ചെയ്യണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ.നാലകത്ത് സൂപ്പി): ഈ വർഷത്തെ മെഡിക്കൽ-എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകളുടെ റിസൾട്ട് കഴിഞ്ഞ വർഷത്തേതിൽനിന്നും നേരത്തേയാണ് പ്രസിദ്ധീകരിച്ചത്. പ്രസ്തുത റാങ്ക്ലിസ്റ്റ് കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടതു കൊണ്ടാണ് തടസ്സമുണ്ടായത്. ഒരു എക്സ്പെർട്ട് കമ്മിറ്റിയെ കോടതി നിശ്ചയിച്ച് ആ കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമായിട്ടായിരിക്കണം അവസാനത്തെ റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിക്കാനെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കോടതി വിധിയുടെ പകർപ്പ് പരിശോധിച്ചശേഷം ഇക്കാര്യത്തിൽ തീരുമാനമെടുക്കും. ഈ പ്രശ്നത്തിൽ കാലതാമസത്തിന് അവസരമുണ്ടാകുകയില്ല.

(2) വികലാംഗർക്ക് തിരിച്ചറിയൽ കാർഡ്

ശ്രീ. കെ. നാരായണക്കുറുപ്പ് : സംസ്ഥാനത്തെ വികലാംഗർക്ക് തിരിച്ചറിയൽ കാർഡിന് അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി 31..12.2002 വരെ നീട്ടാനും വികലാംഗ പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കാനും വികലാംഗ സർട്ടിഫിക്കറ്റുകളുടെ വിതരണ ചുമതല താലൂക്ക് ആശുപത്രികളെ ഏല്പിക്കാനും നടപടി സ്വീകരിക്കണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): വികലാംഗർക്ക് തിരിച്ചറിയൽ കാർഡിന് അപേക്ഷിക്കാനുള്ള തീയതി 31-8-02 വരെ നീട്ടിയിട്ടുണ്ട്. താലൂക്കാശുപത്രികൾവഴി വികലാംഗ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാൻ സാധിക്കാത്തത് അവിടെ സ്പെഷ്യലിസ്റ്റുകളില്ലാത്തതുകൊണ്ടാണ്. ഒരു പരിധിക്കുമേൽ അപേക്ഷകരുണ്ടെങ്കിൽ ആ സൗകര്യം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കാം. പെൻഷൻ കുടിശ്ശിക കൊടുത്തുതീർ ക്കുന്ന കാര്യവും ആലോചിക്കാം. പെൻഷൻ വിതരണം മുടങ്ങാതിരിക്കാൻവേണ്ടി ട്രഷറി നിയന്ത്രണത്തിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

(3) മാവൂർ ഗ്രാസിം കമ്പനിയിലെ കരാർ തൊഴിലാളികൾക്ക് നഷ്ടപരിഹാരം

ശ്രീ. ടി.പി. രാമകൃഷ്ണൻ : മാവൂർ ഗ്രാസിം കമ്പനിയിലെ കരാർ തൊഴിലാളികളുടെ പ്രശ്നങ്ങൾ ഗവൺമെന്റ് അടിയന്തിരമായി മാനേജുമെന്റുമായി ചർച്ചചെയ്ത് പരിഹരിക്കണം.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ ബാബു ദിവാകരൻ): കഴിഞ്ഞ മൂന്നുനാലുവർഷമായി നിലനിൽക്കുന്ന ഒരു പ്രശ്നമാണിത്. കഴിഞ്ഞ രണ്ടുമൂന്നു കോൺഫറൻസുകളിലും മാനേജ്മെന്റ് ഹാജരായില്ല. തൊഴിലുടമ–തൊഴിലാളി ബന്ധം ഇല്ലെന്ന് സ്ഥാപിക്കാനാണ് അവർ ശ്രമിക്കുന്നത്. ലേബർ കമ്മീഷണർ തലത്തിൽ 19–7–2002–ന് വീണ്ടും ചർച്ചയ്ക്ക് വിളിച്ചിരിക്കുകയാണ്. ലേബർ ഡിപ്പാർട്ടുമെന്റ് ഇടപെട്ട് പ്രശ്നത്തിന് പരിഹാരം കാണാൻ ശ്രമിക്കുന്നതാണ്.

(4) ശുചീകരണ തൊഴിലാളികളുടെ ആവശ്യങ്ങൾ

ശ്രീ. എം. മുരളി : കേരളത്തിലെ മുനിസിപ്പാലിറ്റികളിലേയും കോർപ്പറേഷനുകളിലേയും ശുചീകരണ തൊഴിലാളികൾക്ക് പ്രതിമാസം 100 രൂപ റിസ്ക് അലവൻസ് അനുവദിക്കുന്നതിനും നിർദ്ദിഷ്ട ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനും അവരുടെ മറ്റ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) നഗരസഭയിലെ ശുചീകരണ തൊഴിലാളികളുടെ റിസ്ക് അലവൻസ് ഏകീകരിച്ച് 50 രൂപയായി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടു വിച്ചിട്ടുണ്ട്. കണ്ടിജന്റ് ജീവനക്കാർക്ക് കെ.യു.ഡി.എഫ്.സി. മുഖേന ഒരു ഭവന നിർമ്മാണ പദ്ധതി പ്രഖ്യാപിക്കുകയും അതുപ്രകാരം അപേക്ഷ ലഭിച്ച 42 പേർക്ക് ഗഡുക്കളായി വായ്പ അനുവദിക്കു കയുംചെയ്തിട്ടുണ്ട്. ശുചീകരണ തൊഴിലാളികളെ കണ്ടിജന്റ് ജീവനക്കാരായാണ് പരിഗണിച്ചി ട്ടുള്ളത്. ജീവനക്കാരുടെ വിവിധ ആവശ്യങ്ങളെക്കുറിച്ച് 8–8–02–ൽ ബന്ധപ്പെട്ടവരുടെ യോഗം ചേർന്ന് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

(5) ചുഴലിക്കൊടുങ്കാറ്റിൽ നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

ശ്രീ. ബിനോയ് വിശ്വം: ഏപ്രിൽ 27–ാം തീയതി നാദാപുരം നിയോജകമണ്ഡലത്തിലും വടകര താലൂക്കിന്റെ വിവിധ ഭാഗങ്ങളിലുമുണ്ടായ ചുഴലിക്കൊടുങ്കാറ്റിന്റെ ഫലമായി കൃഷിനാശമുണ്ടായവർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : കാർഷികേതര നഷ്ടപരിഹാരം മുഴുവൻ കൊടുത്തു കഴിഞ്ഞു. കാർഷിക നഷ്ടത്തെക്കുറിച്ചുള്ള പ്രിൻസിപ്പൽ കൃഷി ഓഫീസ്സറുടെ റിപ്പോർട്ട് ജില്ലാ കളക്ടർക്ക് കിട്ടിയാലുടൻ അതിനുള്ള നഷ്ടപരിഹാരവും കൊടുക്കുന്നതാണ്.

(6) മൂന്നാറിൽനിന്ന് കൂടുതൽ അന്തർ സംസ്ഥാന ബസ് സർവ്വീസ്സുകൾ

ശ്രീ. എ.കെ. മണി : ടൂറിസ്റ്റ്-തോട്ടം മേഖലയായ മൂന്നാറിൽനിന്നും തമിഴ്നാട്ടിലെ നാഗർകോവിൽ, തിരുനെൽവേലി, തെങ്കാശി, സേലം , ചെന്നൈ എന്നീ സ്ഥലങ്ങളിലേയ്ക്ക് ബസ് സർവ്വീസ്സുകൾ ആരംഭിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ) : നിലവിലുള്ള സർവീസ്സുകൾക്ക് പുറമെ എറണാകുളം-കൊടൈക്കനാൽ-മൂന്നാർ, വൈക്കം-മൂന്നാർ-പളനി എന്നീ പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതാണ്.

(7 കൊപ്ര സംഭരണം

ശ്രീ. കെ.പി. രാജേന്ദ്രൻ : കേന്ദ്ര ഗവൺമെന്റ് ഇത്തവണ കൊപ്രയ്ക്ക് സീസൺ കഴിഞ്ഞതിനുശേഷമാണ് താങ്ങുവില പ്രഖ്യാപിച്ചത്. ഇതിന്റെ ഫലമായി സംസ്ഥാനത്ത് വിപണിയിൽ കൊപ്രയുടേയും വെളിച്ചെണ്ണയുടേയും വില കുറഞ്ഞിരിക്കുന്നു. കഴിഞ്ഞ തവണത്തെ വിലതന്നെയാണ് ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്നത്. കേന്ദ്ര കാർഷിക വില നിർണ്ണയ കമ്മിഷൻ യോഗത്തിൽ ഉത്തരവാദപ്പെട്ട കൃഷിവകുപ്പുദ്യോഗസ്ഥന്മാരെ അയച്ച് കാര്യങ്ങൾ ബോധിപ്പിക്കാൻ ഗവൺ മെന്റിന് കഴിഞ്ഞില്ല. കൊപ്ര സംഭരണത്തിൽ നടന്ന ക്രമക്കേടുകളെക്കുറിച്ച് അന്വേഷിക്കാൻ ഹൈക്കോടതിയും ഉത്തരവിട്ടിരിക്കുന്നു. കേരളത്തിലെ കേരകർഷകർ ഇന്ന് പ്രതിസന്ധിയിലാണ്.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) : 2000-01-ലെ കൊപ്ര സംഭരണത്തിലാണ് അഴിമതി നടന്നിട്ടുള്ളത്. 2001 ഒക്ടോബറിലാണ് 2001-02-ലേയ്ക്കുള്ള കൊപ്ര സംഭരണത്തിന് അനുവാദം കിട്ടിയത്. കഴിഞ്ഞകാല സംഭരണത്തിൽ കൃത്രിമം കാണിച്ച സൊസൈറ്റികളെ മാറ്റിനിർത്തി തെരഞ്ഞെടുക്കപ്പെട്ട സംഘങ്ങളെയാണ് കൊപ്ര സംഭരണത്തിന് ചുമതലപ്പെടുത്തിയിട്ടുള്ളത്. 382 ടൺ കൊപ്ര മാത്രമേ സംഭരിക്കാൻ കഴിഞ്ഞുള്ളു. മില്ലിംഗ് കൊപ്രയ്ക്ക് 4600 രൂപയും ബാൾ കൊപ്രയ്ക്ക് 4800 രൂപയും വിലനിശ്ചയിക്കണമെന്ന് വില നിർണ്ണയ കമ്മിഷനോട് ആവശ്യപ്പെടുകയും കേന്ദ്ര ഗവൺമെന്റിന് മെമ്മോറാണ്ടം നൽകുകയും ഉദ്യോഗസ്ഥന്മാരെ അയയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ കൊല്ലത്തേയ്ക്ക് വില നിശ്ചയിക്കാതെ കൊപ്ര സംഭരണം അനുവദിച്ചുവന്നത് ജൂലൈ 31 വരേയ്ക്ക് മാത്രമാണ്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം കൊപ്ര സംഭരണം സംബന്ധിച്ച് ഒരു പരാതിയും വന്നിട്ടില്ല . 2000-2001-ൽ കൊപ്രാസംഭരണം നടത്തിയതു സംബന്ധിച്ചുണ്ടായ ക്രമക്കേടുകളെപ്പറ്റി വിജിലൻസ് അന്വേഷണത്തിന് സംസ്ഥാന സർക്കാർ ഉത്തരവിട്ടു. ഒരു പൊതുതാല്പര്യ ഹർജി ഹൈക്കോടതി യിൽ വന്നപ്പോൾ സിബി.ഐ അന്വേഷണത്തിനും വിരോധമില്ലെന്ന് ഗവണ്മെന്റ് കോടതിയെ അറിയിച്ചു. ഇപ്പോൾ കൊപ്ര സംഭരണം തുടങ്ങിയെങ്കിലും കൊപ്രയുടെ വില കൂടുമെന്നുള്ള പ്രതീക്ഷയിൽ ആളുകൾ കൊപ്ര വില്ക്കാൻ തയ്യാറാകുന്നില്ല. തെങ്ങുരോഗവും

ഉല്പാദനക്കുറവും കരിക്കു വെട്ടിപ്പോയതുമൂലവും കൊപ്രയിൽ കുറവുവന്നിട്ടുണ്ട്. കൊപ്രാ സംഭരണത്തിന് കമ്മിറ്റിയെ നിയമിക്കുകയും സൊസൈറ്റികളെ തെരഞ്ഞെടുത്ത് കൊപ്ര സംഭരിക്കാനുള്ള ഉത്തരവു കൊടുക്കുകയും ചെയ്തിട്ടുണ്ട്. കൊപ്രയ്ക്ക് കൂടിയ താങ്ങുവില നിശ്ചയിക്കണമെന്ന് കേന്ദ്രഗവ ണ്മെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. തുടർന്നും ശ്രമങ്ങൾ നടത്തുന്നതാണ് .

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്യുതാനന്ദൻ): കേരളത്തിലെ നാളികേര കൃഷിക്കാർക്ക് ഒരു ആശ്വാസവും കിട്ടാനിടയില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽനിന്ന് മനസ്സിലാകുന്നത്. നിരുത്തരവാദപരമായ നിലപാടാണ് ഗവണ്മെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞകൊല്ലം 312 ടൺ കൊപ്രയേ സംഭരിക്കാൻ കഴിഞ്ഞുള്ളു വെന്ന് പറഞ്ഞു. അഴിമതി സംഘങ്ങൾ വഴിയായിരുന്നു കഴിഞ്ഞകൊല്ലം കൊപ്രാ സംഭരണം നടത്തിയത്. നാഫെഡുവഴി കൊപ്ര സംഭരിക്കാൻ കേന്ദ്രഗവണ്മെന്റ് അനുവദിച്ച 300 കോടിയോളം രൂപ സർക്കാർ ലാപ്സാക്കി. വസ്തുതകൾ മറച്ചുവച്ചുകൊണ്ട് സഭയെ തെറ്റിദ്ധരിപ്പിക്കുന്നതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ വിട്ട് പുറത്തുപോകുകയും അല്പസമയത്തിനുശേഷം വീണ്ടും സഭയിൽ ഹാജരാകുകയുംചെയ്തു.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) : 2000–2001–ൽ കൊപ്ര സംഭരിച്ചതിൽ അഴിമതിയുണ്ടെന്ന് ഇവിടെ ആരോപണമുന്നയിച്ചു. ഒരു ചട്ടവും നോട്ടിഫിക്കേഷ നുമില്ലാതെയായിരുന്നു 2000–01–ൽ കൊപ്ര സംഭരണത്തിനുള്ള സൊസൈറ്റികളെ തെരഞ്ഞെടുത്തത്. ഈ ഗവണ്മെന്റ് സൊസൈറ്റികളെ തെരഞ്ഞെടുക്കുന്നതു സംബന്ധിച്ച് പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചു. 2000–2001–ലെ അഴിമതി നിറഞ്ഞ കൊപ്ര സംഭരണമാണ് നാളികേര കൃഷിക്കാർക്ക് ഇന്നുണ്ടായിട്ടുള്ള പ്രയാസങ്ങൾക്ക് ഇടയാക്കിയത്. ഈ ഗവണ്മെന്റ് അധികാരമേറ്റശേഷം യാതൊരു ക്രമക്കേടും നടന്നിട്ടില്ല. തെങ്ങു കൃഷിക്കാരുടെ കാര്യത്തിൽ കൂടുതൽ ശുഷ്കാന്തി കാണിക്കുകയും പുതിയ ഇനം തൈകൾ വികസിപ്പിച്ചെടുക്കുന്നതിന് 360 കോടി രൂപയുടെ ഒരു സ്പെഷ്യൽ പ്രോജക്ട് തയ്യാറാക്കി സമർപ്പിച്ചിരിക്കുകയുമാണ്.

## തിരുത്ത്

16–7–2002–ന് ശ്രീ. എൻ. രാജൻ ഉന്നയിച്ച സബ്മിഷനുള്ള മറുപടി

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : ചിറയിൻകീഴ് പള്ളിക്കൽ കൈക്കോട്ടുകോണം ഏറത്ത് വീട്ടിൽ ലിജിയ തൂങ്ങി മരിക്കാനിടയായ സംഭവത്തിൽ ഭർത്താവ് പീഡിപ്പിച്ചതായി വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ ഐ.പി.സി. 498 (എ) വകുപ്പ് പ്രകാരം കേസന്വേഷണം നടത്തുകയും പ്രതിയെ 8–7–2002–ന് അറസ്റ്റ് ചെയ്ത് ആറ്റിങ്ങൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ 9–7–2002–ന് ഹാജരാക്കുകയും 23–7–2002 വരെ റിമാന്റിൽ വയ്ക്കാൻ

ഉത്തരവാകുകയും ചെയ്തു. 10–7–2002–ന് ജാമ്യം കൊടുത്ത വിവരം ഇന്നലെ ഞാൻ മറുപടി പറഞ്ഞപ്പോൾ കിട്ടിയിട്ടില്ലായിരുന്നു.

## റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ പത്താമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ പത്താമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## ക്രമപ്രശ്നം

(1) <u>അരമണിക്കൂർ ചർച്ച അനുവദിക്കുന്നതു സംബന്ധിച്ച്</u>

<u>ശ്രീ. എ. കെ. ബാലൻ</u> : ഒരാഴ്ചയിൽ മൂന്നു ദിവസം അര മണിക്കൂർ ചർച്ച അനുവദിക്കണമെന്നതു സംബന്ധിച്ച് ഞാൻ ബഹുമാനപ്പെട്ട സ്പീക്കർക്ക് ഒരു നോട്ടീസ് നൽകിയിരുന്നു. ഇതുവരെ അതിന് അനുവാദം തന്നില്ല.

<u>മി. സ്പീക്കർ</u> : ഇതുപോലുള്ള കാര്യങ്ങളിൽ സ്പീക്കറല്ല തീരുമാനമെടുക്കുന്നത്. ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ ഡിസ്ക്കസ് ചെയ്യുകയാണ് ഇവിടത്തെ കീഴ്വഴക്കം. ഇന്നലെ കൂടിയ ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ ഡിസ്ക്കസ് ചെയ്തിട്ട് രണ്ട് 'ഒരു മണിക്കൂർ ഡിസ്ക്കഷൻ' നടത്താൻ ധാരണയായിട്ടുണ്ട്. അതിനുള്ള സമയം നിശ്ചയിക്കും. പ്രതിപക്ഷത്തും ഭരണപക്ഷത്തും നിന്ന് ഓരോ ആൾക്ക് അതിനുള്ള അവസരം കിട്ടും.

(2) <u>പൊതു പ്രാധാന്യമുള്ള കാര്യങ്ങളെക്കുറിച്ച് മന്ത്രിമാരുടെ പ്രസ്താവന</u>

<u>ശ്രീ. എം. വി. ജയരാജൻ</u> : നിയമസഭ നടന്നുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ പൊതു പ്രാധാന്യമുള്ള കാര്യങ്ങളെക്കുറിച്ച് മന്ത്രിമാർ പുറത്ത് പ്രസ്താവന നടത്താൻ പാടില്ലെന്ന് റൂളിംഗുണ്ടായിരിക്കെ, മന്ത്രിമാർ വിദേശ പര്യടനം നടത്തി വന്നശേഷം പൊതു പ്രാധാന്യമുള്ള കാര്യങ്ങളെക്കുറിച്ച് നിയമസഭയിൽ പ്രസ്താവന നടത്തുന്നതിനു മുമ്പ് പത്രസമ്മേളനം നടത്തി കാര്യങ്ങൾ പ്രഖ്യാപിക്കുന്നു. ആ വിവരം പത്രത്തിൽ നിന്നാണ് എം.എൽ.എ.മാർ അറിയുന്നത്. ഇക്കാര്യത്തിൽ റൂളിംഗുണ്ടാകണം.

<u>മി. സ്പീക്കർ</u> : മന്ത്രിമാർ വിദേശത്തു പോയി വന്നശേഷം അതു സംബന്ധിച്ച കാര്യങ്ങൾ നിയമസഭയിൽ പറയാതെ പത്രസമ്മേളനത്തിൽ പറയുന്നത് ശരിയായ കീഴ്വഴക്കമല്ല.

## നിയമനിർമ്മാണകാര്യം

2002–ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം

ക്രമപ്രശ്നം

ധനകാര്യ ബില്ലിന്റെ അവതരണം സംബന്ധിച്ച്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഈ ധനകാര്യ ബിൽ ആറ് ആക്ടുകൾക്കുള്ള ഭേദഗതിയാണ്. ഈ ബില്ലിലെ 3–ാം വകുപ്പ് കേരള പൊതു വിൽപ്പന നികുതി ആക്ടിനുള്ള ഭേദഗതിയാണ്. കേരള പൊതു വിൽപ്പന നികുതി ആക്ട് ഭേദഗതി ചെയ്ത് പാസ്സാക്കിയെടുത്ത സാഹചര്യത്തിൽ, ഈ ഭാഗം ഫിനാൻസ് ബില്ലിൽ ഉൾപ്പെടുത്തുന്നത് ശരിയല്ല. ഒന്നുകിൽ ഫിനാൻസ് ബിൽ അവതരിപ്പിക്കുന്നത് മാറ്റി വയ്ക്കുകയോ അല്ലെങ്കിൽ ആ ഭാഗം ഡിലീറ്റ് ചെയ്യുകയോ ചെയ്യണം. ഈ കാര്യത്തിൽ റൂളിംഗുണ്ടാകണം.

ശ്രീ. എം. വി. ജയരാജൻ : ധനകാര്യ ബില്ലിൽ കൊടുത്തിരിക്കുന്ന ഡിക്ലറേഷൻ 1985–ലെ കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂ ആക്ടിലെ 3–ാം വകുപ്പ് അനുസരിച്ചാണ്. ഇത് നിയമസഭാ ചട്ടത്തിലെ 86 (3), 271 എന്നീ വകുപ്പുകൾക്ക് എതിരാണ്. പരസ്പര വിരുദ്ധമായ രണ്ട് നിയമനിർമ്മാണമാണ് ഈ സഭയിൽ വന്നിട്ടുള്ളത്. അതുകൊണ്ട് ഇതു സംബന്ധിച്ച് റൂളിംഗ് ഉണ്ടാകണം.

മി. സ്പീക്കർ : ഇവിടെ വന്നിരിക്കുന്നത് ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കു ന്നതിനു വേണ്ടിയുള്ള പ്രമേയമാണ്. ഇത് സബ്ജക്ട് കമ്മിറ്റിയിൽ ഡിസ്കസ് ചെയ്യുന്ന അവസര ത്തിൽ അപാകതകളുണ്ടെങ്കിൽ പ്രതിപക്ഷാംഗങ്ങൾക്ക് ചൂണ്ടിക്കാണിക്കാവുന്നതാണ്. അതല്ലെങ്കിൽ സഭയിൽ വരുമ്പോൾ ഡിലീറ്റു ചെയ്യേണ്ട കാര്യങ്ങൾ ഡിലീറ്റ് ചെയ്യണമെന്നുള്ള അമന്റ്മെന്റ് കൊണ്ടുവരുകയോ ചെയ്യാവുന്നതാണ്. ഇപ്പോൾ തടസ്സപ്പെടുത്തേണ്ട കാര്യമില്ല.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): 2002–ലെ കേരള ധനകാര്യ ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII–ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള): പ്രമേയത്തെ പിന്താങ്ങുന്നു.

(ഭേദഗതികൾ നൽകിയിരുന്ന അംഗങ്ങൾ സഭയിൽ ഹാജരില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

<u>ശ്രീ. എ. കെ. ബാലൻ</u> : ധനകാര്യ ബില്ലിനെ എതിർക്കുന്നു. ആറ് ആക്ടുകളാണ് ഈ ഫിനാൻസ് ബിൽ പ്രകാരം ഭേദഗതി ചെയ്യപ്പെടുന്നത്. 2002 ഏപ്രിൽ ഒന്നു മുതൽ ഈ ഭേദഗതി നിയമം പ്രാബല്യത്തിൽ വരികയാണ്. 1985–ലെ കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂ ആക്ട് അടിസ്ഥാനമാക്കിയാണ് ഈ നിയമങ്ങളെല്ലാം ഭേദഗതി ചെയ്യുന്നത്. ബഡ്ജറ്റിന്റെ ഭാഗമായിട്ടുള്ള മറ്റ് അനുബന്ധ നിയമങ്ങൾ കൂടി ഭേദഗതി ചെയ്യപ്പെടുന്നില്ലെങ്കിൽ ഭീമമായ നഷ്ടം ഖജനാവിനുണ്ടാകും. 1975–ലെ കേരള ചിട്ടി ആക്ട് ഭേദഗതി ചെയ്താൽ കേരളാ ഗവൺമെന്റിന് 50 ലക്ഷം രൂപ വരുമാനമുണ്ടാക്കാൻ കഴിയുമെന്ന് ധനമന്ത്രി സൂചിപ്പിച്ചിരുന്നു. എന്നാൽ 2001–2002 ഏപ്രിൽ മാസം 1–ാം തീയതി മുതൽ പ്രാബല്യത്തിൽ വന്ന ആ ഭേദഗതി നിയമപ്രകാരം ഒരു പൈസ പോലും ഖജനാവിൽ വരില്ല എന്നു മാത്രമല്ല കോടിക്കണക്കിന് രൂപയുടെ നഷ്ടവും ഉണ്ടാകും. അതുകൊണ്ട് കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂ ആക്ടിന്റെ പ്രിയാമ്പിളിന് എതിരായിട്ട് ചിട്ടി ആക്ട് ഫൈനാൻസ് ബില്ലിന്റെ ഭാഗമാക്കുന്നത് നിയമ വിരുദ്ധവും ദൂരവ്യാപകമായ ഭവിഷ്യത്തുകളുണ്ടാക്കുന്നതുമാണ്. 1975–ലെ കേരള ചിട്ടി ആക്ടിൽ പ്രധാനമായും 3 ഭേദഗതികളാണ് വരുന്നത്. അതിൽ 3–ാം വകുപ്പിലെ (5)–ാം ഉപവകുപ്പിന്റെ 'ബി' ഖണ്ഡം വിട്ടുകളയുന്ന ഭേദഗതി പ്രകാരം ഒരു രൂപയുടെ ആസ്തി ഇല്ലാത്തവർക്കും ചിട്ടി ബിസിനസ് തുടങ്ങാം. നിലവിലുള്ള നിയമപ്രകാരം 25000 രൂപയിൽ കൂടുതൽ സലയുള്ള ചിട്ടി നടത്താൻ പാടില്ല. എന്നാൽ ഈ ഭേദഗതി നിയമപ്രകാരം എത്ര ലക്ഷം സലയുള്ള ചിട്ടിയും നടത്താൻ അധികാരം കൊടുക്കുകയും കേരളത്തിന്റെ സാമ്പത്തിക രംഗം നശിപ്പിക്കാനുള്ള അവസരമുണ്ടാക്കുകയും ചെയ്യുന്നു. 3–ാം വകുപ്പിൽ 7–ാം ഉപവകുപ്പ് ചേർക്കുന്നതോടുകൂടി നിലവിലുള്ളതിൽ നിന്ന് വ്യത്യസ്തമായി ചിട്ടിക്ക് അപേക്ഷ സമർപ്പിച്ച് 30 ദിവസത്തിനുശേഷം ഗവൺമെന്റ് തീരുമാനമെടുക്കുന്നില്ലെങ്കിൽ അതിന് അനുവാദം ലഭിച്ചതായി കണക്കാക്കണമെന്നാണ്. ഇത് ആർക്കും ചിട്ടി നടത്താനുള്ള അവസരം കൊടുക്കുന്നതാണ്. 1969–ൽ K.S.F.E. രൂപം കൊണ്ടതോടുകൂടിയാണ് സ്വകാര്യമേഖലയിലെ അഴിമതിയും വെട്ടിപ്പും തടയാൻ ഒരു പരിധി വരെ സാധിച്ചത്. ഈ ഭേദഗതി നിയമം പ്രാബല്യത്തിൽ വന്നതോടുകൂടി കേരളം ബ്ലെയിഡു കമ്പനികളുടേയും അധോലോക സംഘത്തിന്റേയും കയ്യിലേയ്ക്ക് വഴുതി വീഴുകയും അതുവഴി K.S.F.E. നശിക്കാൻ ഇടയാവുകയും ചെയ്യും. 2800 കോടി രൂപ ടേൺ ഓവർ ഉള്ളതും ഗവൺമെന്റിന് ലാഭം നേടിക്കൊടുക്കുന്നതും ധാരാളം പേർക്ക് തൊഴിൽ നൽകുന്നതുമായ K.S.F.E. യെ രക്ഷിക്കാൻ ഈ നിയമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തണം. കേരളത്തിന് പുറത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള ചിട്ടി കമ്പനികൾക്ക് കേരളത്തിൽ ബ്രാഞ്ചുകൾ തുടങ്ങാനും ഈ ഭേദഗതി വഴിതെളിക്കുകയും അത്തരം കമ്പനികളുടെ ബോർഡുകൾ 'റെക്കഗ്നൈസ്ഡ് ബൈ കേരളാ ഗവൺമെന്റ് ' എന്ന പേരിൽ അറിയപ്പെടുകയും ചെയ്യും. ഈ സാഹചര്യത്തിൽ ചിട്ടിയുമായി ബന്ധപ്പെട്ട ബിസിനസ് നടത്തുന്ന K.S.F.E. നശിക്കാൻ ഇടയാകരുത്. ചിട്ടി നിയമത്തിലുള്ള ഭേദഗതി മൂലം സംസ്ഥാന ഖജനാവിലേയ്ക്ക് ഒരു പൈസ പോലും സ്വരൂപിക്കുവാൻ ഈ ഗവൺമെന്റിന് കഴിയില്ല. കേരളത്തിലെ ബ്ലേഡ് കമ്പനിക്കാർക്ക് കോടിക്കണക്കിന് രൂപ സലയുള്ള ചിട്ടി നടത്താൻ അംഗീകാരം കൊടുക്കുന്ന ഒരു ഭേദഗതി നിയ

മമാണിത്. കൊള്ളക്കാരേയും അധോലോകത്തേയും നിയന്ത്രിക്കുന്ന ഈ ക്ളാസ് മാറ്റണം. ഈ നിയമങ്ങളിൽമേലുള്ള ഭേദഗതികൾ പിൻവലിക്കണം.

ശ്രീ. കെ.സി. ജോസഫ് : ധനകാര്യബില്ലിനെ അനുകൂലിക്കുന്നു. അബ്കാരി ആക്ട് തുടങ്ങിയുള്ള 6 നിയമങ്ങളിൻമേലുള്ള ഭേദഗതികളിലൂടെ 283.5 കോടി രൂപയുടെ അഡീഷണൽ റിസോഴ്സ് മൊബിലൈസേഷനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. സാമ്പത്തിക പ്രതിസന്ധിയുടെ നീർച്ചുഴിയിൽനിന്ന് ഇന്ന് കേരളം മോചനം നേടി. കാർഷികരംഗത്ത് ഗുണപരമായ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. വ്യാവസായികരംഗത്ത് ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കാനുള്ള ദൃഢനിശ്ചയത്തോടെയുള്ള പ്രവർത്തനങ്ങൾ കൊണ്ട് വളരെയധികം നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു. സാമ്പത്തിക അച്ചടക്കത്തിലൂടെ സാമ്പത്തിക ഭദ്രത കൈവരിച്ചപ്പോൾ ധനകാര്യസ്ഥാപനങ്ങളും വിദേശനിക്ഷേപകരും കേരളത്തിൽ മുതൽ മുടക്കാൻ താല്പര്യം കാണിക്കുന്നു. ഈ സാഹചര്യം പരമാവധി പ്രയോജനപ്പെടുത്തണം. കേരളത്തിന്റെ സമ്പദ്ഘടനയുടെ അടിത്തറ ഭദ്രമാണ്. 10-ാം പദ്ധതിയുടെ അലോക്കേഷൻ ഗണ്യമായി വർദ്ധിച്ചു. നിക്ഷേപകർക്ക് ആവശ്യമായ സുരക്ഷിതത്വം നൽകി കേരളത്തിൽ പണം നിക്ഷേപിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കിയാലേ സംസ്ഥാനത്തിന്റെ ഇന്നത്തെ പിന്നോക്കാവസ്ഥ പരിഹരിക്കാനാകുകയുള്ളൂ. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ വ്യവസായികളുടെ ഒരു ഡെസ്റ്റിനേഷൻ പോയിന്റായി കേരളം മാറിയിട്ടുണ്ട്. അതുൾക്കൊണ്ടുകൊണ്ട് വ്യാവസായിക രംഗത്ത് മാറ്റങ്ങളുണ്ടാക്കാൻ ഗവൺമെന്റ് തയ്യാറാകണം. കേരളത്തിൽ പ്രവർത്തിക്കുന്ന ചിട്ടിക്കമ്പനികൾ കേരളത്തിൽ തന്നെ രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടി കൊണ്ടുവന്ന ചിട്ടി ആക്ടിന്റെ ഉദ്ദേശശുദ്ധിയെ സ്വാഗതം ചെയ്യുന്നു. പ്രവേശനനികുതി ഏർപ്പെടുത്തിയതിന്റെ ഫലമായി കാർഷികമേഖലയ്ക്കും പൊതുമേഖലാ വ്യവസായസ്ഥാപനങ്ങൾക്കും മെഴുകുതിരി നിർമ്മാണ യൂണിറ്റുകൾക്കും ചില ബുദ്ധിമുട്ടുകളുണ്ടായിട്ടുണ്ട്. അത്തരം അപാകതകൾ പരിഹരിക്കുന്നതിനു നടപടി സ്വീകരിക്കണം. വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാമ്പത്തിക അച്ചടക്ക നടപടികൾക്കും വ്യവസായമേഖലയെ പരിപോഷിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾക്കും പ്രതിപക്ഷത്തിന്റെ സഹകരണ മുണ്ടാകണം.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ധനകാര്യബില്ലിനെ അനുകൂലിക്കുന്നു. അഡിഷണൽ റിസോഴ്സ് മൊബിലൈസേഷന് വേണ്ടി കൊണ്ടുവന്നിട്ടുള്ള ചിട്ടി ആക്ട് അടക്കമുള്ള മാറ്റങ്ങൾ സ്വാഗതാർഹമാണ്. സമ്പൂർണ്ണ ബഡ്ജറ്റ് സാമ്പത്തിക വർഷാദ്യം സമർപ്പിക്കാൻ കഴിയണം. വകുപ്പുതല ചർച്ച പൂർത്തിയാക്കി ബഡ്ജറ്റ് പാസ്സാക്കിയതിനുശേഷവും അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റ് തുക ചെലവഴിക്കുന്നതിന് ധനകാര്യവകുപ്പിന്റെ അനുമതി തേടേണ്ട സ്ഥിതിയും അവസാനിപ്പിക്കണം. ഇക്കാര്യത്തിൽ മുൻമുഖ്യമന്ത്രി ശ്രീ. സി. അച്യുതമേനോന്റെ അഭിപ്രായം അംഗീകരിക്കാൻ ഗവണ്മെന്റ് തയ്യാറാകണം. സാമ്പത്തിക കാര്യത്തിലും വിദ്യാഭ്യാസ രംഗത്തും ഗുണപരമായ മാറ്റം ഉണ്ടാക്കാൻ ഈ ഗവണ്മെന്റിന്റെ ശ്രമഫലമായി സാധിച്ചിട്ടുണ്ട്. കർണാടക, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിലെ സ്വകാര്യ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റുകൾക്ക് ക്യാപ്പിറ്റേഷൻ ഫീ വേണ്ട എന്ന് പരസ്യം ചെയ്യേണ്ടി വന്നത് കേരള ഗവണ്മെന്റിന്റെ വിദ്യാഭ്യാസ നയത്തിന്റെ ഫലമാണെന്ന തിരിച്ചറിവ് പ്രതിപക്ഷത്തിനുണ്ടാകണം.

വൈസ്ചാൻസലർമാരുടേതടക്കമുള്ള നിയമനങ്ങൾ മെരിറ്റ് അടിസ്ഥാനത്തിൽ മാത്രമേ നടത്തുകയുള്ളൂ. രാഷ്ട്രീയ ഇടപെടൽ കൂടാതെ സത്യസന്ധമായി അന്വേഷണം നടത്തി കുറ്റകൃത്യങ്ങൾ തെളിയിക്കാൻ പോലീസിന് അവസരമൊരുക്കിയ മുഖ്യമന്ത്രിയുടെ നടപടി അഭിനന്ദനാർഹമാണ്. കല്ലുവാതുക്കൽ മദ്യദുരന്തക്കേസുമായി ബന്ധപ്പെട്ട് കോടതിക്കുപോലും പോലീസ് ഉദ്യോഗസ്ഥൻമാരെ വിമർശിക്കേണ്ടി വന്നത് മുൻ ഗവണ്മെന്റിന്റെ കാലത്തായിരുന്നു. പത്താം പഞ്ചവൽസരപദ്ധതി നടപ്പാക്കുന്ന വേളയിൽ ഒമ്പതാം പദ്ധതിയുടെ നടത്തിപ്പിൽ വന്നിട്ടുള്ള പാളിച്ചകൾ വിലയിരുത്തപ്പെടണം. അമർത്യാസെൻ അടക്കമുള്ള സാമ്പത്തിക ശാസ്ത്രജ്ഞർ കേരളത്തിന്റെ വികസന മോഡൽ അംഗീകരിക്കാൻ രാജ്യത്തോടും ഇതര സംസ്ഥാനങ്ങളോടും ഒരു കാലത്ത് ആവശ്യപ്പെട്ടിരുന്നുവെങ്കിൽ ഇന്ന് ആ വികസന മോഡലിന് മങ്ങലേറ്റിട്ടുണ്ടോയെന്ന സംശയം ഉണ്ടായിട്ടുള്ളത് ഗൗരവതരമായി പരിശോധിക്കണം. കേരളത്തിന്റെ വികസന പ്രക്രിയയ്ക്ക് ഉൾക്കാഴ്ച നൽകുന്ന മൗലികമായ നിർദ്ദേശങ്ങൾ നൽകാൻ പ്രതിപക്ഷത്തിന് കഴിയുന്നില്ല. ഗവണ്മെന്റ് നടപ്പാക്കുന്ന വികസന പരിപാടികൾ വിജയിപ്പിക്കുന്നതിന് ഭരണ-പ്രതിപക്ഷഭേദമെന്യേ എല്ലാവരും സഹകരിക്കണം. സാമ്പത്തികശേഷിയുള്ളവരിൽനിന്നും ഫീസ് ഈടാക്കി പാവപ്പെട്ട രോഗികൾക്ക് ചികിത്സാനുകൂല്യം ലഭ്യമാക്കാൻ സാധിക്കുന്ന വിധത്തിൽ ആരോഗ്യരംഗം കാര്യക്ഷമമാക്കണം. ചൈനയുടേയും ബംഗാളിന്റെയും വികസന മാതൃകകൾ അംഗീകരിക്കാനെങ്കിലും പ്രതിപക്ഷം തയ്യാറാകണം. ഐ.ടി. രംഗത്ത് ദക്ഷിണേന്ത്യയുടെ ഹെഡ്ക്വാർട്ടേഴ്സായി കേരളത്തെ മാറ്റണം. കേരളത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുന്നതിന് കൂട്ടായ സമവായം അനിവാര്യമാണ്.

ശ്രീ. കെ.പി. രാജേന്ദ്രൻ: ധനകാര്യ ബില്ലിനെ എതിർക്കുന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തെ നികുതി പിരിവിൽ ആയിരം കോടി രൂപയുടെ കുറവ് വന്നതായി ധനകാര്യ വകുപ്പുമന്ത്രിതന്നെ സമ്മതിച്ചിരിക്കുന്നു. അതായത് 8659 കോടി രൂപ പിരിച്ചെടുക്കുന്നതിന് ലക്ഷ്യമിട്ടിരുന്നുവെങ്കിൽ 7636 കോടി രൂപമാത്രമേ പിരിച്ചെടുക്കാൻ സാധിച്ചിട്ടുള്ളൂ. ബിവറേജസ് കോർപ്പറേഷൻ കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് 1337.53 കോടി രൂപയുടെ വില്പന ലക്ഷ്യമിട്ടുവെങ്കിൽ 1694.82 കോടി രൂപയുടെ വില്പന നടത്തി 357.24 കോടി രൂപയുടെ അധിക വരുമാനം സ്റ്റേറ്റിന് നേടിത്തന്നു. എന്നാൽ ഇപ്പോഴത് വളരെ താഴോട്ടു പോയിരിക്കുന്നുവെന്നു മാത്രമല്ല വ്യാജമദ്യവില്പന വ്യാപകമാവുകയും ബാറുകളിലടക്കം വില്പന വളരെ കുറയുകയും ചെയ്തിരിക്കുന്നു. 2001-02 വർഷത്തിൽ 151.15 കോടി രൂപയുടെ മാസക്കച്ചവടം നടന്ന സ്ഥാനത്ത് നവംബർ മാസമായപ്പോൾ 125.33 കോടി രൂപയായി കുറഞ്ഞു. നികുതിവരവിലും വില്പനയിലുമുണ്ടായ വമ്പിച്ച ഇടിവാണ് ഇതിലൂടെ വ്യക്തമാവുന്നത്. തൊഴിലില്ലായ്മ വേതനം 20 മാസമായി കുടിശ്ശികയാണ്. വൃദ്ധർക്കും അഗതികൾക്കുമുള്ള പെൻഷൻ 84 കോടി രൂപയും കർഷകത്തൊഴിലാളി പെൻഷൻ 77.82 കോടി രൂപയും കുടിശ്ശികയാണ്. കയർ-കശുവണ്ടി മേഖലയിൽ പെൻഷനും കൊടുക്കാനുള്ള മറ്റ് ആനുകൂല്യങ്ങളുമടക്കം 13.08 കോടി രൂപ ഈ ഗവണ്മെന്റ് കുടിശ്ശിക വരുത്തിയിരിക്കുന്നു. അവശജനവിഭാഗങ്ങൾക്കുള്ള വിവിധ ക്ഷേമ പെൻഷൻ കുടിശ്ശികകൾ വരുന്ന ഓണത്തിനുമുമ്പ് കൊടുക്കണം. ദുർബ്ബല ജനവിഭാഗങ്ങൾക്കുവേണ്ടി ബഡ്ജറ്റിൽ വകകൊള്ളിച്ച തുക ചെലവഴിക്കാതെ പാക്കേജ് പ്രഖ്യാപിച്ചത് അർത്ഥശൂന്യമാണ്. സ്വാധീനങ്ങൾക്ക് വഴങ്ങാതെ നികുതിപിരിവ്

ഊർജ്ജിതപ്പെടുത്തണം. എല്ലാ മേഖലകളിലും സ്വകാര്യവൽക്കരണം നടപ്പാക്കിക്കൊണ്ടിരിക്കുന്നു. കേരള ഹൗസ് സ്വകാര്യവൽക്കരിക്കാനുള്ള ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണത്തിനെതിരെ സംസ്ഥാന ഗവൺമെന്റ് ശക്തമായി പ്രതികരിക്കണം.

ശ്രീ.തോമസ് ചാഴികാടൻ: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. ചെലവുചുരുക്കിയും പരമാവധി വിഭവസമാഹരണം നടത്തിയുമാണ് ഈ ഗവൺമെന്റ് മുന്നോട്ടു പോകുന്നത്. ഖാദി ഗ്രാമവ്യവസായ യൂണിറ്റുകൾക്ക് ഏർപ്പെടുത്തിയ വിൽപ്പനനികുതി പിൻവലിക്കണം. കൂടുതൽ സലയുള്ള ചിട്ടികൾ ഇവിടെ തുടങ്ങുന്നതിന് അനുവാദം കൊടുക്കണം. ഇത് വരുമാന വർദ്ധനവിനെ സഹായിക്കും. വിഭവസമാഹരണച്ചോർച്ച തടയുന്നതിന് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന പരിശ്രമങ്ങൾ ശ്ലാഘനീയമാണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പല മേഖലകളിലും വിഭവസമാഹരണച്ചോർച്ച ഉണ്ടായിട്ടുണ്ട്. 1996–99 കാലയളവിൽ കോട്ടയം ജില്ലയിലെ ഒരു പ്രത്യേക നിയോജകമണ്ഡലം കേന്ദ്രീകരിച്ചു നടത്തിയ ഡിപ്പാർട്ടുമെന്റൽ വർക്കുകളിൽ കോടിക്കണക്കിന് രൂപയുടെ അഴിമതി നടന്നിട്ടുണ്ട്. ഇതിനെക്കുറിച്ച് അന്വേഷണം നടത്തണം.

ശ്രീ. ജോണി നെല്ലൂർ: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. കഴിഞ്ഞ എൽ.ഡി.എഫ്.. സർക്കാർ 5 വർഷക്കാലം ഭരിച്ച് മുടിച്ച് കാലിയാക്കിയ ഖജനാവിനെ രക്ഷപ്പെടുത്താൻവേണ്ടിയുള്ള ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ പ്രതിപക്ഷം പ്രകീർത്തിക്കേണ്ടതാണ്. കഴിഞ്ഞ ഗവൺമെന്റ് നിർമ്മാണരംഗത്തെ കരാറുകാർക്ക് കുടിശ്ശിക ഇനത്തിൽ നൽകാനുണ്ടായിരുന്ന 900 കോടിരൂപയിൽ 370 കോടിരൂപ ഈ ഗവൺമെന്റ് കൊടുത്തു; അതുപോലെ സർക്കാർ ജീവനക്കാരുടെ നാല് ഗഡു ഡി.എ.യിൽ രണ്ട് ഗഡു ഡി.എ സാമ്പത്തിക പ്രതിസന്ധിയുണ്ടായിരുന്നിട്ടും അനുവദിച്ചു. ഉത്തരവാദിത്വത്തോടുകൂടിയുള്ള ധനകാര്യ മാനേജ്മെന്റിന്റെ ഫലമായി എക്സൈസ് നികുതി വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, തൊഴിലില്ലായ്മാവേതനം എന്നിവയുടെ കുടിശ്ശിക നൽകാൻ ഈ ഗവൺമെന്റ് നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. തത്വദീക്ഷയില്ലാതെ പ്ളസ് ടു സ്ക്കൂളുകൾ അനുവദിക്കുകയും അദ്ധ്യാപകരെ നിയമിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശമ്പളം ലഭിക്കാതിരുന്ന മുഴുവൻ അദ്ധ്യാപകർക്കും ആഗസ്റ്റ് മാസം 31–ാം തീയതിക്കുമുമ്പ് മുഴുവൻ ശമ്പളവും കൊടുക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.. ഈ ഗവൺമെന്റിന്റെ മികച്ച പ്രവർത്തനങ്ങൾ കണ്ട് നിരാശപൂണ്ട പ്രതിപക്ഷം അടിസ്ഥാനരഹിതമായ ആരോപണങ്ങളുന്നയിക്കുന്നത് ശരിയല്ല. 2003–ൽ വാല്യൂ ആഡഡ് ടാക്സ് നടപ്പിലാക്കുന്നതുവരെ 4 ശതമാനം ടാക്സ് ഈടാക്കുന്നതിൽനിന്ന് ഖാദി–ഗ്രാമ വ്യവസായ യുണിറ്റുകളുടെ ഉല്പന്നങ്ങളെ ഒഴിവാക്കണം. തകർച്ചയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന കേരളത്തെ ചുരുങ്ങിയ കാലയളവിനുള്ളിൽ പുരോഗതിയിലേയ്ക്ക് നയിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു.

<u>ശ്രീ. കെ.കെ. ഷാജു</u> : ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. സംസ്ഥാന ഗവൺമെന്റിന് വരുമാനമുണ്ടാകുന്ന ഏത് തീരുമാനമെടുത്താലും അതിനെ എതിർക്കുന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. വരുമാന മാർഗ്ഗങ്ങൾ കണ്ടെത്താനുള്ള ശ്രമമാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. അടുത്ത വർഷത്തെ ബഡ്ജറ്റിൽ സംസ്ഥാനത്തിന് പുറത്തുനിന്ന് കൊണ്ടുവരുന്ന പാലിന് എൻട്രി ടാക്സ് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരി ക്കണം. സംസ്ഥാനത്തെ വളർച്ചയിലേയ്ക്കും പുരോഗതിയിലേയ്ക്കും നയിക്കാൻ ലക്ഷ്യമിട്ടു കൊണ്ടുള്ള ബഹുമുഖ പ്രവർത്തനങ്ങളാണ് ഈ ഗവൺമെന്റ് നടത്തുന്നത്. മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റിന്റെ ഫലമായി പരമാവധി നികുതി പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. വികസന പ്രവർത്തനങ്ങളെ പ്രതിപക്ഷം കണ്ടില്ലെന്ന് നടിക്കരുത്. കാർഷിക-വ്യാവസായിക മേഖലകളിൽ
വമ്പിച്ച പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ക്ഷേമ പെൻഷനുകളുടെ കുടിശ്ശിക പൂർണ്ണമായി കൊടുത്തുതീർക്കാനുള്ള സാമ്പത്തികശേഷി സർക്കാരിനില്ലെങ്കിലും കഴിയുന്നിട ത്തോളം കൊടുത്തുതീർക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ജനങ്ങളുടെ ഉത്തമ താല്പര്യങ്ങൾ സംരക്ഷിച്ച് മുന്നോട്ടുപോകാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. സി.പി. മുഹമ്മദ്:</u> ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ അടിസ്ഥാനപരമായ വികസനത്തിനുവേണ്ടിയും ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടിയുമുള്ള ധാരാളം കാര്യങ്ങൾക്ക് ഊന്നൽ നൽകിയിട്ടുള്ള ഈ ബഡ്ജറ്റ് സംസ്ഥാന ചരിത്രത്തിൽ ഏറ്റവും നല്ലതാണെന്ന കാര്യത്തിൽ തർക്കമില്ല. ലോക ബാങ്കിന്റെ സഹായത്തോടുകൂടി 1250 കോടി രൂപയുടെ റോഡ് വികസന പദ്ധതി നടപ്പിലാക്കുന്നത് സ്വാഗതാർഹമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കടപ്പത്രം വഴിയാണ് ശമ്പളം നൽകിയിരുന്നതെങ്കിൽ ഇപ്പോൾ കടം വാങ്ങാതെ ശമ്പളം നല്കാൻ കഴിഞ്ഞിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി 507 കോടി രൂപ നീക്കിവയ്ക്കാൻ കഴിഞ്ഞതും 40 കോടി രൂപയുടെ ജീവൻരക്ഷാ മരുന്നുകൾ വാങ്ങാൻ കഴിഞ്ഞതും നല്ല കാര്യമാണ്. കേന്ദ്ര-സംസ്ഥാന ഡിപ്പാർട്ടുമെന്റുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ചുമത്തുന്ന പ്രവേശന നികുതി പുനഃപരിശോധിക്കണം. കടക്കെണിയിലായ കർഷകരെ രക്ഷിക്കാൻ നടപടി സ്വീകരിക്കണം. അന്യസംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്ന അസംസ്കൃത സാധനങ്ങളുടെ പ്രവേശന നികുതിയുടെ കാര്യത്തിൽ ഇളവ് അനുവദിക്കണം. 'കേരളം നാളെ - വികസന സെമിനാർ' എന്നതിൽ നിർദ്ദേശിച്ച ഇരുപത് പദ്ധതികളിൽ സംസ്ഥാന വ്യാപകമായുള്ള കണ്ടെയ്നർ, എക്സ്പ്രസ്സ് ഹൈവേ, കാർഷിക വികസനം, ടൂറിസം പദ്ധതി, ഇ-ഗവേണൻസ്, സസ്യ ഔഷധ വികസന പദ്ധതി എന്നിവയ്ക്ക് പ്രാമുഖ്യം നല്കിക്കൊണ്ട് അതിനാവശ്യമായ ഫണ്ട് നീക്കിവയ്ക്കണം. പൊതുജനങ്ങളും മാധ്യമങ്ങളുമടക്കം കേരളത്തിന്റെ സമഗ്ര വികസനത്തെ സംബന്ധിച്ച് ചർച്ച നടത്തുന്നത് അതിന്റെ പുരോഗതിയെ ത്വരിതപ്പെടുത്തുന്ന പ്രക്രിയയാണ്.

<u>ശ്രീ. എം. മുരളി</u> : ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. എൻട്രി ടാക്സ്, സെയിൽസ് ടാക്സ്, ചിട്ടി നിയമം എന്നിവ ഉൾപ്പെടെ ആറ് നിയമങ്ങളിൽ മാറ്റം വരുത്തിക്കൊണ്ട് ധനാഗമമാർഗ്ഗങ്ങൾ കണ്ടെത്താനുള്ള പരിശ്രമമാണ് ഈ ബില്ലിലൂടെ ഗവൺമെന്റ് നടത്തുന്നത്.

സാമ്പത്തിക അച്ചടക്കത്തിലൂടേയും മികച്ച ധനകാര്യ മാനേജുമെന്റിലൂടേയും സാമ്പത്തിക ബുദ്ധിമുട്ടിൽനിന്നും കേരളത്തെ ഈ ഗവൺമെന്റ് കരകയറ്റിയിരിക്കുന്നു. ഈ ബില്ലിൽ സാധാരണക്കാരേയും പാവപ്പെട്ടവരേയും ബാധിക്കുന്ന നികുതി നിർദ്ദേശങ്ങളൊന്നുമില്ല. സ്വർണ്ണത്തിനും സ്വർണ്ണാഭരണങ്ങൾക്കുമുള്ള നികുതി ഒരു ശതമാനത്തിൽനിന്നും 4 ശതമാനമായി വർദ്ധിപ്പിച്ചു. കഴിഞ്ഞ ബഡ്ജറ്റിലെ 15 ശതമാനം അഡീഷണൽ സെയിൽസ് ടാക്സ് 2003 മാർച്ചിനുശേഷം ഉപേക്ഷിക്കാൻ ഗവൺമെന്റ് തയ്യാറാകണം. കേരളത്തിന്റെ പ്രത്യേക ധനസ്ഥിതി പരിഗണിച്ച് കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തിന് കിട്ടേണ്ട നികുതി വിഹിതം 50 ശതമാനമായി വർദ്ധിപ്പിച്ചു വാങ്ങാൻ ശ്രമിക്കണം. വിലപിടിപ്പുള്ള ഒൻപത് ഇനങ്ങൾക്കുകൂടി എൻട്രി ടാക്സ് ഏർപ്പെടുത്തിയത് ചില വ്യവസായങ്ങളേയും വാണിജ്യ രംഗത്തേയും തകർക്കുമെന്നതിനാൽ സബജക്ട് കമ്മിറ്റിയും ഗവൺമെന്റും അത് പരിശോധിക്കണം. പാചക വാതകം, മെഴുക് എന്നിവയ്ക്ക് എൻട്രി ടാക്സ് ചുമത്തുന്നത് സാധാരണക്കാരെ ബാധിക്കുമെന്നതിനാൽ അത് ഒഴിവാക്കണം. കൊച്ചി ഇക്കണോമിക് സോണിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വ്യവസായ യൂണിറ്റുകൾക്ക് വരുന്ന സാധനങ്ങളെ എൻട്രി ടാക്സിൽനിന്ന് ഒഴിവാക്കാൻ നടപടിയുണ്ടാകണം. എസ്.എസ്.ഐ. യൂണിറ്റുകളിൽ വ്യവസായാവശ്യങ്ങൾക്കായി കൊണ്ടുവരുന്ന പെട്രോളിയം ഉല്പന്നങ്ങൾ ഉൾപ്പെടെയുള്ള സാധനങ്ങൾക്ക് എൻട്രി ടാക്സ് ഒഴിവാക്കണം. അന്യസംസ്ഥാനങ്ങളിൽനിന്നും ലേലം ചെയ്തു കൊണ്ടുവരുന്ന ടിംബറിന് എൻട്രി ടാക്സിൽ ഇളവു വരുത്തണം. സൈനിക കാന്റീനുകളിലൂടെ വിതരണം ചെയ്യുന്ന മദ്യത്തിന്റെ എക്സൈസ് ഡ്യൂട്ടിയിലും സെയിൽസ് ടാക്സിലും വരുത്തിയ നികുതി വർദ്ധനവിൽ കുറവു വരുത്തണം. ചിട്ടി ആക്ടിൽ വരുത്തിയ ഭേദഗതികൾ വരുമാന വർദ്ധനവിന് സഹായകമായതുകൊണ്ട് അവ പിൻവലിക്കരുത്.

<u>ശ്രീ. ഇ.എം. അഗസ്തി</u>: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. ബഡ്ജറ്റ് നികുതി നിർദ്ദേശങ്ങൾക്കനുസൃതമായി നികുതി ഘടനയിൽ മാറ്റം വരുത്താൻ ഉദ്ദേശിച്ച് കൊണ്ടുവന്നിരിക്കുന്ന ഈ ബിൽ അനുസരിച്ച് 253.5 കോടി രൂപയുടെ വരുമാനം സംസ്ഥാനത്ത് ഉണ്ടാകും. നിലവിലുള്ള 6 ആക്ടുകളിൽ കൊണ്ടുവന്നിരിക്കുന്ന ഭേദഗതി നിർദ്ദേശങ്ങൾ പരിശോധിച്ചാൽ സാധാരണക്കാരെ ബാധിക്കുന്ന ഒരു നിർദ്ദേശവുമില്ല. മിലിട്ടറി കാന്റീനുകളിൽനിന്ന് വിതരണം ചെയ്യുന്ന മദ്യത്തിന് ഏർപ്പെടുത്തിയ നികുതി വർദ്ധനവിലും ഏവിയേഷൻ ഫ്യൂവലിന് ഏർപ്പെടുത്തിയ വില്പന നികുതി വർദ്ധനവിലും ചെറിയൊരു കുറവു വരുത്താൻ ഗവൺമെന്റ് തയ്യാറാകണം. ഏവിയേഷൻ വില്പന നികുതിയിൽ കുറവു വരുത്താൻ കേരളാ ഗവൺമെന്റ് തയ്യാറാണെങ്കിൽ കേരളത്തിൽനിന്നുള്ള വിമാന സർവ്വീസുകളുടെ ചാർജ്ജ് കുറയ്ക്കുന്ന കാര്യം ആലോചിക്കാമെന്നുള്ള കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനം മുഖവിലയ്ക്കെടുത്ത് ആവശ്യമായ നടപടി സ്വീകരിക്കണം. കേരളത്തിലെ കാർഷികമേഖല തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇഞ്ചിക്ക് ഏർപ്പെടു ത്തിയിട്ടുള്ള നാലു ശതമാനം വില്പന നികുതി പിൻവലിക്കണം . കാപ്പിയുടെ വില്പന നികുതി മൂന്നു ശതമാനമായി കുറയ്ക്കണം. കുരുമുളക് കൃഷിക്കാർക്ക് ഗുണം ലഭിക്കത്തക്കവിധം കുരുമുളകിന് ഏർപ്പെടുത്തിയിട്ടുള്ള സെസ്സ് പിൻവലിക്കാനുള്ള നടപടിയെടുക്കണം. ചിട്ടി ആക്ടിൽ ഭേദഗതി വരുത്തി ചിട്ടിത്തുകയുടെ ലിമിറ്റ് എടുത്തുകളയാനുള്ള തീരുമാനത്തെ സ്വാഗതം ചെയ്യുന്നു.

ചിട്ടിയിൽ ചേരുന്ന ആളുകൾ മുടക്കുന്ന പണത്തിന് സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനായി ചിട്ടി നടത്താൻ ലൈസൻസ് നൽകുമ്പോൾ ഒരു മിനിമം ഡെപ്പോസിറ്റ് ഏർപ്പെടുത്തണം. കഴിഞ്ഞ കാലത്ത് വികസന രംഗത്തുണ്ടായ മുരടിപ്പ് മാറ്റി സമ്പദ്ഘടന മെച്ച പ്പെടുത്താനുള്ള നിർദ്ദേശങ്ങളാണ് ഈ ധനകാര്യബില്ലിലുള്ളത്. വികസന പ്രവർത്തനങ്ങൾ ലക്ഷ്യമാക്കി ലോകബാങ്കിന്റേയും എ.ഡി.ബി.യുടെയും സഹായം ലഭ്യമാക്കുകയും അതോടൊപ്പം എൻ.സി.ഡി.സി., നബാർഡ് എന്നിവയുടെ സഹായം ഉറപ്പു വരുത്തുകയും വേണം.

ശ്രീ. സി.കെ. നാണു.: ധനകാര്യബില്ലിനെ എതിർക്കുന്നു, ആരോഗ്യപരിപാലന രംഗത്തും വിദ്യാഭ്യാസ രംഗത്തും ലോകത്തിലെ പല രാജ്യങ്ങളോടും കിട പിടിക്കാൻ ഉതകുന്ന തരത്തിൽ കേരളത്തിനുണ്ടായിരുന്ന സ്ഥാനം ഇപ്പോൾ നഷ്ടമാകുകയാണ് . ഐ.ടി. രംഗത്ത് ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങൾ കേരളത്തെക്കാൾ മുൻപന്തിയിൽ പോയി. കേരളത്തിൽ ലക്ഷക്കണക്കിനു ചെറുകിട വ്യവസായങ്ങൾ പൂട്ടുന്ന സ്ഥിതിയുണ്ടാക്കിയിരിക്കുകയാണ്. അതുകാരണം തൊഴിലാളികൾ പട്ടിണി മരണത്തിലേക്കു നീങ്ങുകയാണ്. വിദ്യാഭ്യാസ രംഗത്ത് സ്വകാര്യമേഖല യുടെ കടന്നുകയറ്റം കാരണം സർക്കാർ മേഖലയിലേയും എയിഡഡ് മേഖലയിലേയും എൽ.പി.എസ്. വിഭാഗത്തിൽ കുട്ടികളുടെ എണ്ണം വളരെ കുറവായി വരുന്നു. ആരോഗ്യപരിപാലന രംഗത്ത് 92 ശതമാനം പാവപ്പെട്ട ആളുകളും സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന ഈ സംസ്ഥാനത്തെ ആരോഗ്യരംഗം സ്വകാര്യമേഖലയ്ക്ക് തുറന്നുകൊടുത്താൽ ആ മേഖല തകർക്കപ്പെടുകയും പാവപ്പെട്ടവന് ചികിൽസ നിഷേധിക്കുകയും ചെയ്യും . റവന്യൂ കമ്മി വർദ്ധിച്ചുവരികയാണ് . കഴിഞ്ഞ ഗവണ്മെന്റ് സർക്കാർ എയിഡഡ് സ്കൂളുകളിൽ പ്ളസ്ടു അനുവദിച്ചതുകൊണ്ട് പാവപ്പെട്ട കുട്ടികൾക്ക് എൻട്രൻസ് എഴുതാൻ പറ്റുന്ന തരത്തിൽ പഠിക്കാൻ കഴിഞ്ഞു. മുൻകാലങ്ങളിൽ നിയന്ത്രണങ്ങളില്ലാത്ത സാമ്പത്തിക സഹായമാണ് സർക്കാർ സ്വീകരിച്ചിരുന്നതെങ്കിൽ ഈ ഗവണ്മെന്റ് എ.ഡി.ബി.യുടെയും മറ്റും നിയന്ത്രണങ്ങൾക്കു വിധേയമാകാൻ പോകുന്നു. .യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുള്ള വ്യാവസായിക ഉല്പന്നങ്ങൾ വാങ്ങാൻ നടപടി സ്വീകരിക്കുന്നത് സമ്പന്നൻമാർക്കാണ് ഗുണകരമാകുന്നത്. കൈത്തറിമേഖല തകർന്നു കൊണ്ടിരിക്കുന്നു. കേന്ദ്രഗവണ്മെന്റിന്റെ നയത്തിന്റെ ഫലമായി വൻകിട വ്യവസായികൾ പാവപ്പെട്ടവരുടെ താല്പര്യത്തിനു വിരുദ്ധമായ നടപടികളാണ് സ്വീകരിക്കുന്നത്. വിദ്യാഭ്യാസ ത്തിൽ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമെന്ന നിലയിൽ വിദേശ നിയന്ത്രണങ്ങളോടുകൂടി വരുന്ന സാമ്പത്തിക നയത്തെ എതിർക്കണം.

ശ്രീ പി.സി. ജോർജ്ജ്: പ്രമേയത്തെ എതിർക്കുന്നു. റബ്ബർ കർഷകരെ രക്ഷിക്കുമെന്നു പറഞ്ഞ് ഈ സർക്കാർ അധികാരത്തിൽ വന്നുവെങ്കിലും റബ്ബർമേഖലയെ തകർക്കുന്ന നടപടി കളാണ് സ്വീകരിച്ചിരിക്കുന്നത് . റബ്ബറധിഷ്ഠിത വ്യവസായങ്ങൾ തകർച്ചയിലാണ് . എന്റെ പേരിൽ ഇവിടെ ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ നിഷേധിക്കുന്നു. ആരോപണങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്തി സത്യാവസ്ഥ പുറത്തുകൊണ്ടുവരണം.

ശ്രീ കളത്തിൽ അബ്ദുള്ള : ബില്ലിനെ അനുകൂലിക്കുന്നു. 1997–2001 കാലയളവിൽ കേരളം ഉപയോഗപ്പെടുത്തിയ വിദേശസഹായം 141 കോടി രൂപ മാത്രമാണ്. ഭരണ നേതൃത്വത്തിന്റെ

പരാജയംമൂലമാണ് കേരളത്തിനാവശ്യമായ വിദേശസഹായം ലഭിക്കാതിരുന്നത്. കേരളത്തിന് പ്രതീക്ഷയ്ക്ക് വക നൽകുന്ന ഒരു ഭാവിയുണ്ട്. ഐ. ടി, ഹയർ എഡ്യൂക്കേഷൻ, ടൂറിസം, അലങ്കാര പുഷ്പക്കൃഷി തുടങ്ങിയ രംഗങ്ങളിലൊക്കെ ധാരാളം മാറ്റങ്ങളുണ്ടാക്കാൻ കഴിയും. ധനകാര്യ ബില്ലിൽ മദ്യത്തിന്റെ എക്സൈസ് ഡ്യൂട്ടി 200 ശതമാനമാക്കി ഉയർത്തിയതിനെ ആർക്കും എതിർക്കാൻ കഴിയുകയില്ല. ചെത്തു തെങ്ങിന് നികുതി 50 രൂപയാക്കിയാലും എതിർക്കാൻ കഴിയുകയില്ല. മദ്യനിരോധനം ഘട്ടം ഘട്ടമായി നടപ്പിലാക്കണമെന്ന ഉദ്ദേശത്തോടു കൂടിയാണ് ഷാപ്പുകളുടെ എണ്ണം 4000 ആക്കി കുറച്ചത്. തൊഴിലില്ലാത്ത ചെത്തു തൊഴിലാളികളെ പുതിയ ഷാപ്പുകളിലേക്ക് പുനർവിന്യസിപ്പിക്കാനും, അതോടൊപ്പം മദ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കാനുമുള്ള നടപടിയാണ് ഈ ഗവൺമെന്റ് കൈക്കൊള്ളുന്നത്. കോൺ ട്രാക്ടർമാർക്ക് കൊടുക്കാനുണ്ടായിരുന്ന 821 കോടി രൂപയിൽ 400–ൽപ്പരം കോടി രൂപ ഈ ഗവൺമെന്റ് കൊടുത്തു തീർത്തു. എം. എൽ. എ. മാരുടെ ടി. എ., മെഡിക്കൽ റീ– ഇംബേഴ്സ്മെന്റ് തുടങ്ങിയവ കൊടുത്തുതീർത്തു. ലെറ്റർ ഓഫ് ക്രെഡിറ്റ് ചെക്കുകൾ മാറിക്കൊടുക്കാനുള്ള ശ്രമം നടത്തി. നികുതിയേതര വരുമാനത്തിൽ ഭാഗ്യക്കുറിയിലൂടെ 128.68 കോടി രൂപയും ഭാഗ്യക്കുറി ബംബറിലൂടെ 256 കോടി രൂപയും ലഭിച്ചു. മെഡിക്കൽ കോളേജുകളും, എഞ്ചിനീയറിംഗ് കോളേജുകളും, സ്വാശ്രയമേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും അനുവദിച്ചു. ട്രാക്ടർ വന്നപ്പോഴും കംപ്യൂട്ടർ വന്നപ്പോഴുമൊക്കെ ഇടതുമുന്നണിയിൽനിന്നും എതിർപ്പു ണ്ടായിട്ടുണ്ട്. തുരുമ്പ് പിടിച്ച് നശിച്ചുകൊണ്ടിരിക്കുന്ന വാഹനങ്ങൾ എത്രയും വേഗം ലേലം ചെയ്ത് പൊതുഖജനാവിലേയ്ക്ക് മുതൽ കൂട്ടണം. ആർക്കും ചിട്ടി നടത്താമെന്നുള്ള അവസ്ഥയ്ക്ക് നിയന്ത്രണം വരുത്തണം. മണ്ണെണ്ണയുടെയും റബ്ബറിന്റേയും നികുതി കുറയ്ക്കണം. ആഡംബര വസ്തുക്കളുടെ നികുതി കൂട്ടണം.

<u>ശ്രീ. എം. എ. വാഹിദ്:</u> ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വരുത്തിവച്ച കടബാദ്ധ്യതകൾ വീട്ടാനാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്. വളരെ പ്രയാസകരമായ സാഹചര്യത്തിലാണ് നമ്മുടെ ധനകാര്യ മാനേജുമെന്റ് പോകുന്നത്. 1980 മുതലുള്ള പ്രതിഭാസമെന്നുപറയുന്നത് സി. പി. എം.ന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റുകൾ വരുത്തിവയ്ക്കുന്ന സാമ്പത്തിക ബാദ്ധ്യതകൾ തീർക്കുകയെന്ന ചുമതലയാണ് അതിനടുത്ത് അധികാരത്തിൽ വരുന്ന യു. ഡി. എഫ്. ഗവൺമെന്റിനുള്ളത്. ധനകാര്യ ബില്ലിൽ മെഴുകുതിരിക്ക് നികുതിയില്ല., എന്നാൽ മെഴുകിന് നികുതി ചുമത്തിയിരിക്കുന്നു. ഇത് പരിശോധിക്കണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ സാമ്പത്തിക ദുരവസ്ഥയെക്കുറിച്ചും ഈ ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ചും വിലയിരുത്തേണ്ടതാവശ്യമാണ്. മുൻ ഗവൺമെന്റിന്റെ കാലത്ത് കടബാദ്ധ്യത 18 ശതമാനവും ആസ്തി 7 ശതമാനവുമാണ് വർദ്ധിച്ചത്. 2000–01–ൽ റവന്യൂ ഇൻകം 8730 കോടി രൂപയും, റവന്യൂ എക്സ്പെന്റിച്ചർ 11,877.91 കോടി രൂപയും, റവന്യൂ ഡെഫിസിറ്റ് 3147.16 കോടി രൂപയുമായിരുന്നു. റവന്യൂ ഡെഫിസിറ്റ് 2200 കോടി രൂപയായി കുറച്ചുകൊണ്ടുവരാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഒരു സംസ്ഥാനത്തിന്റെ വളർച്ചയുടെ

പ്രധാനപ്പെട്ട ഘടകം ക്യാപ്പിറ്റൽ ഇൻവെസ്റ്റുമെന്റാണ്. 2000–01–ൽ അത് 4.49 ശതമാനം മാത്രമാണുണ്ടായിരുന്നത്. മുൻ യു. ഡി. എഫ് ഗവൺമെന്റിന്റെ ഭരണകാലത്ത് റവന്യൂ ഇൻകത്തിൽ 15 ശതമാനം വർദ്ധന വുണ്ടായിയെങ്കിൽ എൽ. ഡി. എഫ്–ന്റെ കാലത്ത് 10 ശതമാനമായി ചുരുങ്ങി. 2000–01–ൽ കേന്ദ്ര നികുതി 2150.19 കോടി രൂപയാണ് പ്രതീക്ഷിച്ചതെങ്കിലും, കിട്ടിയത് 1585.61 കോടി രൂപയാണ്. ജനകീയാസൂത്രണത്തിന്റെ പേരിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇടതുപക്ഷ മുന്നണിയുടെ അവസാന കാലഘട്ടത്തിൽ കൊടുത്തത് 2429.45 കോടി രൂപയാണ്. ട്രഷറി ബാൻ കാരണം പ്രതീക്ഷിച്ച തുക കൊടുക്കാൻ കഴിഞ്ഞില്ല. വിദ്യാഭ്യാസം, കല, സംസ്ക്കാരം, സഹകരണം, നഗരവികസനം തുടങ്ങി ഏത് വകുപ്പെടുത്തുനോക്കിയാലും കൊടുക്കാമെന്നു പറഞ്ഞ തുക കൊടുക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് വസ്തുത. 2000–01–ൽ 150 ദിവസം വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് വാങ്ങിക്കേണ്ടി വന്നു. 2001 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലെ ഓവർ ഡ്രാഫ്റ്റിനെക്കാൾ 50 ശതമാനം താഴോട്ടുകൊണ്ടുവരാൻ ഇതേ കാലയളവിൽ ഈ ഗവൺമെന്റിന് കഴിഞ്ഞു. കോഴി നികുതിയിനത്തിൽ 1280 ലക്ഷം രൂപ പിരിച്ചിട്ടുണ്ട്. 1996–ലെ ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ് ബി. സി. ആർ ഇനത്തിൽ 142 കോടി രൂപയുടെ മിച്ചമുണ്ടാക്കിയിരുന്നു. 1998–99–ൽ ബി. സി. ആർ.–1704 കോടി രൂപയായിരുന്നു. ഇപ്പോഴിത് 336.62 കോടി രൂപയാക്കി കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ 5 കൊല്ലക്കാലത്തെ ഭരണത്തിന്റെ പരിണതഫലമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയെ പ്രതിപക്ഷത്തിരുത്താൻ കേരളത്തിലെ ജനങ്ങളെ നിർബന്ധിതരാക്കിയത്. ശ്രീ. എ.കെ ആന്റണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് പാവപ്പെട്ട, അദ്ധ്വാനിക്കുന്ന, ബുദ്ധിമുട്ടനുഭവിക്കുന്ന ജനവിഭാഗത്തിന് ആശ്വാസം പകരുന്ന ഗവൺമെന്റായി മാറണം. സാമ്പത്തിക രംഗത്തും വിദ്യാഭ്യാസരംഗത്തും ആതുര സേവനരംഗത്തും പുരോഗതി കൈവരിക്കുന്നതിനാവശ്യമായ മാറ്റങ്ങളാണ് ഈ സർക്കാർ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. സുതാര്യതയോടുകൂടിയ സമീപനം സ്വീകരിച്ചുകൊണ്ട് കേരളത്തെ സാമ്പത്തികമായി രക്ഷിക്കുകയെന്ന ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ചരിത്ര പരമായ കടമ നിർവ്വഹിച്ചുകൊണ്ട് മുന്നോട്ടുപോകുന്നതിന് എല്ലാപേരുടേയും സഹകരണം ഉണ്ടാകണം.

<u>ഡോ.തോമസ് ഐസക്</u>: ഭരണപക്ഷത്തുനിന്ന് ചർച്ചയിൽ പങ്കെടുത്ത ആരുംതന്നെ ധനകാര്യ ബില്ലിനെക്കുറിച്ച് ഒന്നും പ്രതിപാദിച്ചില്ല. ഈ ബില്ലിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമായ 3(7) അപ്രസക്തമായിത്തീർന്നിരിക്കുകയാണ്. ആ വകുപ്പിന് കടകവിരുദ്ധമായ അമെന്റുമെന്റ് സഭ അംഗീകരിക്കുകയും ആക്ടിന്റെ ഭാഗമായിത്തീരുകയും ചെയ്ത സാഹചര്യത്തിൽ ഈ ഫൈനാൻസ് ബിൽ ചർച്ച ചെയ്യുന്നത് സഭാനടപടി ചട്ടങ്ങൾക്ക് വിരുദ്ധമാണ്. ബിൽ സർക്കുലേറ്റ് ചെയ്ത ദിവസം ധനകാര്യ മന്ത്രി നടത്തിയ പ്രസംഗത്തിലും കേരളാ പൊതു വില്പന നികുതി (ഭേദഗതി) ബിൽ ഇവിടെ അവതരിപ്പിച്ചപ്പോഴും പറഞ്ഞത് ഗവൺമെന്റ് ഓഫ് ഇൻഡ്യ അഡ്മിനിസ്ട്രേറ്റീവ് പ്രൈസ് മെക്കാനിസത്തിൽ മാറ്റം വരുത്തിയതിന്റെ ഫലമായി ഇവിടെ ഒരു ഭേദഗതി കൊണ്ടുവരുന്നുവെന്നാണ്. കൂടാതെ പെട്രോളിയം ഉല്പന്നങ്ങൾക്ക് എൻട്രി ടാക്സ് ചുമത്തിയതിന്റെ ഫലമായി കൊച്ചിൻ റിഫൈനറിക്ക് പ്രശ്നങ്ങൾ ഉണ്ടാകുമെന്നും പറഞ്ഞു. ഈ ബിൽ അവതരിപ്പിക്കുന്നതിനു മുമ്പ് സിംഗിൾ പോയിന്റ് ടാക്സ് ആയിരുന്നത് ഡബിൾ പോയിന്റ്

ടാക്സ് ആക്കുകയും വീണ്ടും സിംഗിൾ പോയിൻറ് ടാക്സിലേയ്ക്ക് കൊണ്ടുവരികയും ചെയ്തു. അതനുസരിച്ച് ഡീസൽ ഓയിലിന് 65%–ന്റേയും കെറോസിൻ, മോട്ടോർ സ്പിരിറ്റ്, നാഫ്ത എന്നിവയ്ക്ക് 135%–ന്റേയും പെട്രോളിന് 47%–ന്റേയും വർദ്ധനവുണ്ടായി. വി.എ.റ്റി. വരുമ്പോൾ നികുതി വരുമാനം കുറയുമെന്നാണ് പറഞ്ഞിരുന്ന തെങ്കിലും വരുമാനം കുറഞ്ഞിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്. പെട്രോളിനും ലിക്കറിനും വി.എ.റ്റി. ബാധകമല്ല. വി.എ.റ്റി. അടിസ്ഥാനത്തിൽ ഫസ്റ്റ് പോയിന്റിൽ സംസ്ഥാനത്തിനുള്ളിൽ 12% വരെ എല്ലാത്തിനും നികുതി ചുമത്താം. ഇന്ന് എട്ടര ശതമാനമാണ് നികുതിയുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ അഡ്മിനിസ്ട്രേറ്റീവ് പ്രൈസ് മെക്കാനിസം മാറിക്കഴിയുമ്പോൾ അന്തർദേശീയ കമ്പോളവിലയുടെ കയറ്റിറക്കിനനുസരിച്ച് പെട്രോളിന്റെ ബേസിക് റേറ്റും മാറിക്കൊണ്ടിരിക്കും. അന്തർദേശീയ കമ്പോളത്തിൽ വില കുറഞ്ഞാലും അതിന്റെ ഗുണം ഉപഭോക്താക്കൾക്ക് നൽകണം. ഈ ബിൽ പ്രകാരം അമെന്റു ചെയ്യുന്ന മറ്റൊരു ആക്ട് അബ്കാരി ആക്ടാണ്. ഈ ആക്ടു പ്രകാരം കുറ്റം ചെയ്താൽ 10,000 രൂപ വരെ പിഴ ഈടാക്കാമെന്നാണ്. ഇത് തെറ്റാണെന്ന് പല കമ്മീഷൻ റിപ്പോർട്ടുകളും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 15 ലക്ഷത്തിനുമേൽ വിറ്റുവരവ് വരുമാനമുള്ളവർ ഒരു ചാർട്ടേർഡ് അക്കൗണ്ടന്റിനെക്കൊണ്ട് പരിശോധിപ്പിച്ച് റിട്ടേൺസ് നൽകണമെന്ന വ്യവസ്ഥ എടുത്തു മാറ്റിയിരിക്കുന്നു. യൂണിറ്റി മെഷേഴ്സ് ഇല്ല. അതുമൂലം കട പരിശോധനയും വാഹന പരിശോധനയും നടത്തുന്നില്ല. ഇത്തരത്തിൽ നികുതി വെട്ടിപ്പുകാരെ സഹായിക്കുന്ന നടപടിയാണ് സ്വീകരിക്കുന്നത്. 40 കോടി രൂപയുടെ എസ്.സി./എസ്.ടി ഫണ്ട് പഞ്ചായത്ത് ഡിപ്പാർട്ടുമെന്റിൽ നിന്ന് തിരിച്ചുപിടിച്ചത് ക്യാഷായിട്ടും ഡിമാന്റ് ഡ്രാഫ്റ്റായിട്ടും വച്ചിരിക്കുന്നത് അനുവാദത്തോടു കൂടിയാണോയെന്നതിനെക്കുറിച്ച് വിശദീകരണം നൽകണം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. കെ. ശങ്കരനാരായണൻ):</u> പ്രതിപക്ഷത്തു നിന്ന് സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ ബില്ലിന്റെ പരിധിയിലുള്ള കാര്യങ്ങളല്ല പ്രതിപാദിച്ചത്. സെയിൽസ് ടാക്സ് പിരിവിൽ 33.72 ശതമാനം വർദ്ധന ഉണ്ടായിട്ടുണ്ട്. കേരള ചരിത്രത്തിൽ ഇതുവരെ വില്പന നികുതി പിരിവിൽ 26 ശതമാനത്തിൽ കൂടുതൽ വർദ്ധന ഉണ്ടായിട്ടില്ല. ഇത് സർവ്വകാല റിക്കാർഡാണ്. ടാക്സ് പിരിക്കുന്നതിൽ ഈ ഗവൺമെന്റ് ഒരു ഉപേക്ഷയും വരുത്തിയിട്ടില്ല എന്നത് ഇതിൽനിന്നും വ്യക്തമാണ്. ഈ പ്രാവശ്യം 5600 കോടി രൂപ ടാക്സ് ഇനത്തിൽ പിരിച്ചെടുക്കണമെന്നാണ് ഏകദേശ തീരുമാനം. പെട്രോളിയം ഉല്പന്നങ്ങളുടെ വില നിശ്ചയിക്കുന്നതിൽ വേരിയേഷനുണ്ട്; ഷെഡ്യൂൾഡ് റേറ്റും നോട്ടിഫൈഡ് റേറ്റും തമ്മിൽ വലിയ വ്യത്യാസമുണ്ടാകുന്നു. 15 ശതമാനം അഡീഷണൽ ടാക്സിന്റെ കാര്യത്തിൽ ഈ വർഷം മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നില്ല. അനധികൃതമായി ചാരായം കൊണ്ടുവരുന്നതിനെതിരെ കർശന നടപടിയെടുക്കാൻ ഗവൺമെന്റ് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വരുമാനം വർദ്ധിപ്പിക്കാനുള്ള സൗകര്യത്തിനുവേണ്ടിയാണ് ആക്ടിൽ ഭേദഗതി കൊണ്ടുവന്ന് നടപ്പാക്കുന്നത്. ഇതിലെന്തെങ്കിലും അപാകതയുണ്ടെങ്കിൽ അതിന് പരിഹാരം ഉണ്ടാക്കുന്നതാണ്. ബഡ്ജറ്റ് തുക കൊടുത്തുകഴിഞ്ഞാൽ അതാതു ഡിപ്പാർട്ടുമെന്റുകൾക്ക് അത് ചെലവഴിക്കാൻ സാധിക്കാതെ വീണ്ടും ഫൈനാൻസ് ഡിപ്പാർട്ടുമെന്റിന്റെ സാംഗ്ഷൻ വേണമെന്നുള്ള നിബന്ധന ഒഴിവാക്കുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കുന്നുണ്ട്. 2002

ആഗസ്റ്റ് മാസം മുതൽ ഇതിൽ മാറ്റം വരുത്തുന്നതാണ്. കർഷക തൊഴിലാളി പെൻഷനും വിധവാ പെൻഷനും ഓണക്കാലത്ത് ഒരു ഗഡു കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. കഴിയുന്നത്ര കുടിശ്ശിക ബില്ലുകൾ കൊടുത്തു തീർക്കാൻ ശ്രമിക്കുന്നുണ്ട്. സംസ്ഥാന ജീവനക്കാർക്ക് 6% ഡി.എ. അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. മന്ത്രിമാർക്കും പ്രതിപക്ഷ നേതാവിനും പുതിയ കാറുകൾ വാങ്ങുന്ന കാര്യം ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഓയിൽ ടാക്സിനെക്കുറിച്ച് സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്കുശേഷം മറുപടി പറയുന്നതാണ്. ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രമേയം സഭ അംഗീകരിക്കുകയും ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

സഭ ഉച്ചയ്ക്കുശേഷം 1.48-ന് പിരിഞ്ഞു.